ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

DATE : 02.10.2023 TIME : 06.30 PM

## പ്രധാന വാർത്തകൾ

1. വനിതാസംവരണ നിയമത്തെ കുറിച്ച് പ്രതിപക്ഷം തെറ്റിദ്ധാരണ പരത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
2. സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ ജീവിതനിലവാരം വളരെ മികച്ചതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. ഗാന്ധി സ്മരണയിൽ രാജ്യം. സംസ്ഥാനത്തും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.
4. സംസ്ഥാനത്ത് മഴ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രത.
5. ഈ വർഷത്തെ വൈദ്യ ശാസ്ത്ര നൊബേൽ പുരസ്കാരം അമേരിക്കൻ ശാസ്ത്രജ്ഞരായ കാറ്റലീൻ കരിക്കോയ്ക്കും, ഡ്രൂ വെയ്സ്മാനും.
6. ഏഷ്യൻ ഗെയിംസിൽ മലയാളി താരം ആൻസി സോജന് വെള്ളി. ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 59 ആയി

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## വനിതാ സംവരണ നിയമം

വനിതാ സംവരണ നിയമത്തെ കുറിച്ച് പ്രതിപക്ഷ പാർട്ടികൾ തെറ്റിദ്ധാരണ പടർത്തുകയാണെന്നു പ്രധാന മന്ത്രി നരേന്ദ്ര മോഡി. രാജസ്ഥാനിലെ ചിത്തോഘഡിൽ വിവിധ വികസന പദ്ധതികൾക്കു തറക്കലിട്ട് സംസാരി

ക്കുകയായിരുന്നു അദ്ദേഹം. അധികാരത്തിൽ വന്ന യുടൻ എൻ ഡി എ സർക്കാർ സൈനികർക്കായി വൺ റാങ്ക് വൺ പെൻഷൻ നടപ്പാക്കി. ഇതിലൂടെ 70,000 കോടി രൂപ വിമുക്തഭടന്മാർക്ക് നൽകിയതായും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. തുടർന്ന് മധ്യപ്രദേശിലെ ഗ്വാളിയോറിൽ എത്തിയ അദ്ദേഹം 19260 കോടി രൂപയുടെ വികസന സംരംഭങ്ങൾക്ക് തറക്കല്ലിട്ടു. ഡൽഹി-വഡോദര എക്സ്പ്രസ് വേയും പ്രധാനമന്ത്രി ആവാസ് യോജനയ്ക്കു കീഴിൽ 2 ലക്ഷത്തിലധികം വീടുകളും രാജ്യത്തിന് സമർപ്പിച്ചു. ഇൻഡോറിലെ മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കിന്റെയും ഉജ്ജനിലെ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പിന്റെയും തറക്കല്ലിടൽ അദ്ദേഹം നിർവഹിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## മുഖ്യമന്ത്രി

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ ജീവിത നിലവാരം വളരെ മികച്ചതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അഭിമുഖത്തിൽ സംഘടിപ്പിച്ച സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വിദ്യാഭ്യാസം, തൊഴിൽ, ശാക്തീകരണം എന്നീ അടിസ്ഥാന ശിലകളിൽ ഊന്നി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്ക് ക്ഷേമവും വികസനവും ലക്ഷ്യമിടുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാനം ആർജ്ജിച്ച നേട്ട ങ്ങളെല്ലാം അട്ടിമറിക്കാൻ വിദ്വേഷ ചിന്തകളെ വളർത്തുന്ന പ്രവണതകൾ മുളയിലെ നുള്ളി കളയാൻ കഴിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## കൊച്ചി വിമാനത്താവളം-മുഖ്യമന്ത്രി

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിജയകരമായ നടത്തിപ്പിന് സ്വകാര്യവത്കരണം അനിവാര്യമാണെന്ന ചിന്താഗതിയ്ക്കുള്ള ബദലാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കാണാൻ കഴിയുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതുതായി തുടക്കം കുറിച്ച ഏഴു പദ്ധതികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിമാനത്താവളത്തിന്റെ വികസനത്തിൽ പുതിയ അധ്യായമാണ് ഇന്ന് എഴുതി ചേർത്തതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പോർട്ട് കാർഗോ ടെർമിനൽ, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള എയ്റോ ലോഞ്ച് തുടങ്ങി, അടിസ്ഥാന സൗകര്യ വികസനം, യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ്, വിനോദസഞ്ചാര സാധ്യത എന്നിവ മുൻനിർത്തിയുള്ള പദ്ധതികൾക്കാണ് ഇന്ന് തുടക്കം കുറിച്ചത്.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## ഗാന്ധി ജയന്തി

അടിമത്തത്തിന്റെ അന്ധകാരത്തിൽ നിന്ന് സ്വാതന്ത്യത്തിന്റെ വെളിച്ചത്തിലേക്ക് ഭാരതത്തെ നയിച്ച രാഷ്ട്രപിതാവിന്റെ 154-ാം ജന്മവാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ഡൽഹിയിൽ രാജ്ഘട്ടിലെ മഹാത്മാ ഗാന്ധിയുടെ സമാധിയിൽ സർവധർമ്മ പ്രാർത്ഥനാ സഭ സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ രാവിലെ രാജ്ഘട്ടിൽ രാഷ്ട്രപിതാവിന്റെ സമാധിയിൽ പുഷ്പാർച്ചന നടത്തി. ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി, ഡോ ജിതേന്ദ്ര സിങ്, മീനാക്ഷി ലേഖി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ എന്നിവരും പുഷ്പാർച്ചന നടത്തി. ഗുജറാത്തിലെ അഹമ്മദാബാ ദിലെ സബർമതി ആശ്രമത്തിലും രാഷ്ട്രപിതാവിന്റെ ജന്മസ്ഥലമായ പോർബന്തറിലെ കീർത്തി മന്ദി

റിലും പ്രത്യേക പ്രാർത്ഥനകളും സംഘടിപ്പിച്ചു. സംസ്ഥാന സർക്കാർ, ഗാന്ധിയൻ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ കേരളത്തിലും ഗാന്ധിജയന്തി സമുചിത മായി ആഘോഷിച്ചു. ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## ഏക് താരീഖ് ഏക് ഘണ്ട ഏക് സാത്ത്

മഹാത്മാഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് സ്വച്ഛ് ഭാരത് സംരംഭങ്ങളായ 'ഏക് താരീഖ് ഏക് ഘണ്ട ഏക് സാത്ത്', 'സ്പെഷ്യൽ കാമ്പെയ്ൻ 3.0' എന്നിവ കോഴിക്കോട് എൻ.ഐ.ടി.യിൽ സംഘടിപ്പിച്ചു. കോഴിക്കോട് മുക്കം റോഡിൽ രണ്ടര കിലോമീറ്റർ നീളത്തിൽ സ്വച്ഛത ഹി സേവാ യജ്ഞം നടത്തുകയും മൊത്തം 750 കിലോ പ്ലാസ്റ്റിക്, നനഞ്ഞ മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുകയും ചെയ്തു. കോഴിക്കോട് എൻഐടിയിലെ വിദ്യാർത്ഥികളും അധ്യാപകരും സ്റ്റാഫ് അംഗങ്ങളും സമീപത്തെ എൻഐഇഎൽഐടി; ആർഇസി ഹയർ സെക്കൻഡറി സ്കൂൾ, ചാത്തമംഗലം; എൻഐടിസി സ്പ്രിംഗ് വാലി സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരും ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## സ്വച്ഛത ഹി സേവാ

സ്വച്ഛത ഹി സേവാ - മാലിന്യമുക്തം നവകേരളം തീവ്ര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തലശ്ശേരി നഗരസഭയുടെ നേതൃത്വത്തിൽ ദേശീയപാതയോരത്തും ക്രിക്കറ്റ് സ്റ്റേഡിയത്തിന് സമീപവും ശുചീകരണ പ്രവൃത്തികൾ നടത്തി. ജില്ലാ ക്രിക്കറ്റ് അസോസിയേ ഷന്റെയും, സംസ്ഥാന വനിതാ ക്രിക്കറ്റ് ടീം അംഗങ്ങ

ളുടെയും ഹരിത കർമ്മ സേനാംഗങ്ങളുടെയും, നഗരസഭ ശുചീകരണ തൊഴിലാളികളുടെയും, വ്യാപാരി വ്യവസായി സന്നദ്ധപ്രവർത്തകരുടെയും സഹകരണത്തോടെയായിരുന്നു ശുചീകരണം.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## ട്രാവൽ ഫോർ ലൈഫ് പ്രമോഷൻ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ അഴീക്കോട് ചാൽ ബീച്ചിൽ നടന്ന ട്രാവൽ ഫോർ ലൈഫ് പ്രമോഷന്റെ ഭാഗമായുള്ള ക്യാമ്പയിനും സ്വച്ഛതാ ഹീ സേവാ ബീച്ച് ശുചീകരണവും കെ വി സുമേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## മുരളീധരൻ

ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കാനുള്ള ഗാന്ധിജിയുടെ ശ്രമങ്ങളുടെ തുടർച്ചയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി മുരളീധരൻ. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സ്വച്ഛ്ഭാരത് മിഷന്റെ ഭാഗമായി പൂജപ്പുര ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ബയോമെഡിക്കൽ വിങ്ങിൽ നടത്തിയ ശുചീകരണ യജ്ഞം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം..

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## വള്ളസദ്യ (ഇൻട്രോ)

ഈ വർഷത്തെ ആറന്മുള വഴിപാട് വള്ളസദ്യക്ക് ഭക്തിനിർഭരമായ പരിസമാപ്തി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**എംബി രാജേഷ്**

മയക്കുമരുന്ന് ശൃംഖലയുടെ വലയിൽ അകപ്പെടുന്നവരെ മോചിപ്പിച്ച് ശാസ്ത്രീയ ചികിത്സയിലൂടെ ജീവിതത്തിലേക്ക് തിരികെ എത്തിക്കാൻ സമൂഹം ഒറ്റക്കെട്ടായി നിൽക്കണമെന്ന് മന്ത്രി എംബി രാജേഷ് ആവശ്യപ്പെട്ടു. എറണാകുളം ജില്ലയിൽ നടപ്പാക്കുന്ന ലഹരി വിരുദ്ധ ബോധവത്കരണ മാതൃക പരിപാടിയായ 'ലഹരിരഹിത മാതൃകായിടം പദ്ധതി'യുടെ ഉദ്ഘാടനം കൊച്ചിയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**കാൻസർ സെന്റർ**

കളമശേരിയിലെ കൊച്ചി കാൻസർ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി ഈ വർഷം തന്നെ നാടിന് സമർപ്പിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. എറണാകുളം ജനറൽ ആശുപത്രി കാൻസർ സ്പെഷാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടന ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു മന്ത്രി. മരുന്നുകൾ കഴിക്കാതെ തന്നെ ജീവിതശൈലിയിലെ മാറ്റം കൊണ്ട് ജീവിതശൈലി രോഗങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെയാണ് അടുത്ത ഘട്ടത്തിൽ ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതെന്നും മന്ത്രി പറഞ്ഞു. പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**മഴ**

സംസ്ഥാനത്ത് മഴ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇന്ന് ശക്തമായ

മഴയാണ് അനുഭവപ്പെട്ടത്. ഈ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ള മലയോര/ തീരദേശ മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണെന്നും അധികൃതർ അറിയിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**കോട്ടയം-ജാഗ്രത**

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ എല്ലാ ഖനന പ്രവർത്തനങ്ങൾക്കും ഒക്ടോബർ അഞ്ചു വരെ നിരോധനം ഏർപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവായി. മലയോര മേഖലയിലേയ്ക്കുള്ള രാത്രികാല യാത്രയ്ക്കും നിരോധനം ഏർപ്പെടുത്തി.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**തെന്മല ഡാം**

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ കൊല്ലം തെന്മല ഡാമിലെ ഷട്ടറുകൾ നാളെ തുറക്കും. ഉച്ചയ്ക്ക് 12 മണി മുതൽ ഡാമിന്റെ മൂന്ന് ഷട്ടറുകൾ 30 സെന്റിമീറ്റർ വരെ പടിപടിയായി ഉയർത്തി അധിക ജലം കല്ലടയാറ്റിലേക്ക് ഒഴുക്കു വിടുന്നതിനാണ് തീരുമാനം. ഇതു മൂലം കല്ലടയാറ്റഇലെ ജലനിരപ്പ് പരമാവധി 40 സെ.മീ വരെ ഉയരാൻ സാധ്യതയുള്ളതായി അറിയിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

**ഉയർന്ന തിരമാല**

കേരള-തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ സാഹചര്യത്തിൽ മത്സ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കണമെന്നും ബീച്ചി ലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും

പൂർണമായും ഒഴിവാക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## ഇടുക്കി (ഇൻട്രോ)

ഇലകൾക്കും മണികൾക്കും നാരങ്ങയുടെ മണവും സ്വാദുമുള്ള നാരകക്കൊടിയെന്നു വിളിക്കുന്ന സവിശേഷ യിനം കുരുമുളക് ഇടുക്കിയിലെ ഒരു കൃഷിയിടത്തിൽ നിന്നും കാർഷിക വിദഗ്ധർ കണ്ടെത്തി. ഇടുക്കി നെടുങ്കണ്ടം മഞ്ഞപ്പാറയിൽ കാരിവേലിൽ സിബിച്ചന്റെ കൃഷിയിടത്തിലാണ് ഈ ഇനമുള്ളത്.

**ആകാശവാണി വാർത്തകൾക്ക് വേണ്ടി ഇടുക്കിയിൽ നിന്ന് ആന്റണി മുനിയറ..........**

(വോയ്സ്)

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## നൊബേൽ സമ്മാനം

ഈ വർഷത്തെ വൈദ്യ ശാസ്ത്ര നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. അമേരിക്കയിലെ പെൻസിൽവാനിയ സർവ കലാശാലയിലെ സഹപ്രവർത്തകരായിരുന്ന കാറ്റലീൻ കരിക്കോ, ഡ്രൂ വെയ്സ്മാൻ എന്നിവർക്കാണ് പുരസ്കാരം.

കോവിഡ് 19 നെതിരായ MRNA വാക്സിൻ വികസിപ്പിക്കാൻ സഹായകമായ കണ്ടുപിടിത്തങ്ങൾ നടത്തിയതിനാണ് പുരസ്കാരമെന്ന് നൊബേൽ അവാർഡ് കമ്മിറ്റി അറിയിച്ചു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## കരുവന്നൂർ സഹകരണ ബാങ്ക്

കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പിനിരയായ നിക്ഷേപകർക്ക് നീതി ലഭിക്കും വരെ ബിജെപി പോരാടു മെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ.

കരുവന്നൂരിൽ നിന്നും തൃശ്ശൂരിലേക്ക് സുരേഷ്ഗോപി നയിക്കുന്ന പദയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബിജെപിയുടെ സമരം രാഷ്ട്രീയ പ്രേരിതമല്ല എന്നും ഈ പദയാത്രയിൽ എല്ലാ പാർട്ടിക്കാരുമുണ്ടെന്നും സഹകരണ മേഖലയെ സുതാര്യമാക്കാനും ശക്തിപ്പെടുത്താനുമാണ് സുരേഷ്ഗോപി പദയാത്ര നടത്തുന്നത എന്നും സുരേന്ദ്രൻ പറഞ്ഞു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## കാലിഗ്രാഫി

അന്താരാഷ്ട്ര കാലിഗ്രാഫി ഫെസ്റ്റിവൽ കൊച്ചി ദർബാർ ഹാൾ ആർട്ട് ഗാലറിയിൽ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. ലോകത്തെ വിവിധ ഭാഷകളിലുള്ള 150 ഓളം കാലിഗ്രാഫി രചനകളുടെ പ്രദർശനം ഫെസ്റ്റിവലിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഫെസ്റ്റിവൽ വ്യാഴാഴ്ച സമാപിക്കും. കേരള ലളിതകല അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, പ്രമുഖ കാലിഗ്രാഫി സ്റ്റായ നാരായണ ഭട്ടതിരി, ഇന്ത്യൻ രൂപയുടെ ചിഹ്നത്തിന്റെ സൃഷ്ടാവായ ഉദയ് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ ഇന്ത്യ ഇന്ന് ഒരു വെള്ളിയും നാല് വെങ്കലവും കരസ്ഥമാക്കി. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചെയ്സ് ഫൈനലിൽ പരുൾ ചൗധരിയാണ് ഇന്ത്യയ്ക്കായി വെള്ളി നേടിയത്. ഇതേ മത്സരത്തിൽ ഇന്ത്യ യുടെ പ്രീതി ലാംബ വെങ്കലം കരസ്ഥമാക്കി. ഇതോടെ 13 സ്വർണ്ണവും 22 വെള്ളിയും 23 വെങ്കലവുമായി ആകെ 58 മെഡലുകളുമായി നിലവിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠

♠♠♠♠♠♠♠♠♠♠♠♠

♠♠♠♠♠